# നീര ഉത്പന്നങ്ങൾക്ക് പ്രിയമേറുന്നു

**ആരോഗ്യ പാനീയമെന്ന നിലയിൽ നീരയ്ക്ക് സ്വീകാര്യത ലഭിക്കുന്നത് ഉത്പാദക കമ്പനികളുടെയും കർഷകരുടേയും പ്രതീക്ഷ ഉയർത്തുകയാണ്.**

**നീ**ര കേരളത്തിലെ നാളികേര കർഷകരുടെ ജീവിതത്തിനു പുതിയ പ്രതീക്ഷ നൽകുകയാണ്. കാർഷിക കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റിമറിക്കുവാനുള്ള പുറപ്പാടിലാണു നീരയെന്നു കരുതുന്നതിൽ തെറ്റില്ല. നാളികേര കർഷകരുടെ കൂട്ടായ്മയിൽ സ്ഥാപിച്ചിട്ടുള്ള ഉത്പാദക കമ്പനികൾ നീര ഉത്പാദനം വ്യാപകമാക്കുന്നതിനുള്ള ശ്രമത്തിലാണ്.

കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണാടകം എന്നീ നാലു നാളികേര ഉത്പാദക സംസ്ഥാനങ്ങളിൽനിന്നു മാത്രമായി 37 നീര ഉത്പാദന കമ്പനികളാണ് നാളികേര വികസന ബോർഡിൽ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവയിൽ പലതും നീര ഉത്പാദനം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഇതിൽ 22 കമ്പനികൾ കേരളത്തിൽനിന്നു രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

"കേരളത്തിൽ മാത്രം ഇപ്പോൾ 1.2 ലക്ഷം ലിറ്റർ നീരയാണു പ്രതിമാസം ഉത്പാദിപ്പിക്കുന്നത്. അതു പ്രതിദിനം 1 ലക്ഷം ലിറ്ററായി ഉയർത്തുകയാണു ലക്ഷ്യം. എല്ലാ കമ്പനികളും സജീവമായി ഉത്പാദനം ആരംഭിച്ചാൽ ഇതു ഉറപ്പായും സാധിക്കും" നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ആത്മവിശ്വാസത്തോടെ പറയുന്നു.

ഉത്പാദനം മാത്രമല്ല വില്പനയും വിപുലമാക്കുവാനുള്ള ശ്രമത്തിലാണു കേരളത്തിലെ ഉത്പാദക കമ്പനികൾ. നീര വില്പനയ്ക്കുള്ള ഔട്ട്ലെറ്റുകൾ പരക്കേ സ്ഥാപിക്കുവാനുള്ള ശ്രമത്തിലാണ് കമ്പനികൾ

പാലക്കാട്, തൃശൂർ, എറണാകുളം എന്നീ ജില്ലകളിലായി സ്ഥാപിച്ചിട്ടുള്ള 28 കോക്കനട്ട് പോയിന്റുകളിലൂടെ പാലക്കാട് കേരോത്പാദക കമ്പനി നീര വിറ്റഴിക്കുന്നു.

## കേരളത്തിലെ നീര ഉത്പാദക കമ്പനകൾ

1. തേജസ്വിനി, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കണ്ണൂർ
2. പാലക്കാട്,കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, പാലക്കാട്
3 മലപ്പുറം, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, മലപ്പുറം
4 കരപ്പുറം, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, ആലപ്പുഴ
5 കൊയിലാണ്ടി, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കോഴിക്കോട്
6 കൊടുങ്ങല്ലൂർ, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, തൃശൂർ
7 കൈപ്പുഴ, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കൊല്ലം
8 കോഴിക്കോട്, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കോഴിക്കോട്
9 കാസർഗോഡ്, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കസാർഗോഡ്
10 കുറ്റ്യാടി, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കോഴിക്കോട്
11 തിരുക്കൊച്ചി, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, എറണാകുളം
12 ഓണാട്ടുകര, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, ആലപ്പുഴ
13 താമരശ്ശേരി, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കോഴിക്കോട്
14 വടകര, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കോഴിക്കോട്
15 പേരാമ്പ്ര, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കോഴിക്കോട്ന്ധ,
16 കടത്തനാട്, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കോഴിക്കോട്
17 നിലമ്പൂർ, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, മലപ്പുറം
18 പൊന്നാനി, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, മലപ്പുറം
19 വള്ളുവനാട്, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, മലപ്പുറം
20 കോട്ടയം, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കോട്ടയം
21 തിരൂർ, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, മലപ്പുറം
22 അനന്തപുരി,കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, തിരുവനന്തപുരം



കൈപ്പുഴ കമ്പനിയ്ക്ക് ഇപ്പോൾ 5 നീര ഔട്ട്ലറ്റുകളാണുള്ളത്. കൊല്ലത്തും സമീപ പ്രദേശങ്ങളിലുമായി ഏഴു പാർലറുകൾ സ്ഥാപിക്കുവാൻ കമ്പനി ഉദ്ദേശിക്കുന്നതായി കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡിന്റെ ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ പറഞ്ഞു. കെടിഡിസി ഔട്ട്ലെറ്റുകൾ, ഹോർട്ടി കോർപ്പ് എന്നിവ വഴി നീര വില്ക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണെന്നും ഷാജഹാൻ അറിയിച്ചു. പുനലൂർ ജംഗ്ഷൻ, തേവലക്കര ജംഗ്ഷൻ, ഭരണിക്കാവ് ജംഗ്ഷൻ, കൊല്ലം കെഎസ് ആർടിസി എന്നിവിടങ്ങളിലും കൈപ്പുഴ കമ്പനിയുടെ കോക്കനട്ട് പോയിന്റുകൾ തുറക്കും. ശബരിമലയിൽ പമ്പയിലും, കൊല്ലത്ത് ചവറയിൽ കെഎംഎംഎൽ ഔട്ട്ലെറ്റ് വഴിയും നീരയും നീരയുത്പന്നങ്ങളും വിപണിയിൽ എത്തിക്കാൻ ധാരണയായിട്ടുണ്ട്. ആലപ്പുഴയിലെ കരപ്പുറം, എറണാകുളം ജില്ലയിലെ തിരുക്കൊച്ചി കമ്പനികളും നീര വിപണിയിലെത്തിച്ചിട്ടുണ്ട്.

അടുത്തയിടെ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി മരുതോങ്കരയിൽ സ്ഥാപിച്ചിട്ടുള്ള അത്യാധുനിക നീര പ്ലാന്റ് പ്രവർത്തനം തുടങ്ങി. പ്രതിദിനം 8000 ലിറ്റർ നീര സംസ്ക്കരിക്കാൻ ശേഷിയുണ്ട്. കമ്പനിയുടേതായി 14 നീര ശേഖരണ കേന്ദ്രങ്ങൾ ഇതിനകം പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഈ 14 കേന്ദ്രങ്ങളിലും ഉടൻ തന്നെ നീര പാർലറുകൾ തുറക്കും. പ്ലാന്റ് സജ്ജമാകുന്നതോടുകൂടി 20 നീര പാർലറുകൾ കൂടി ആരംഭിക്കും.നീര ശീതള പാനീയം, നീര ചക്കര പാനി, നീര തേൻ, നീര വിനാഗിരി, നീര ചോക്ലേറ്റ് എന്നിവയും പച്ചത്തേങ്ങയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഉരുക്കു വെളിച്ചെണ്ണയും ( നെക്റ്റോ ബ്രാൻഡ്) മരുതോങ്കരയിലെ പ്ലാന്റിൽ ഉത്പാദിപ്പിക്കുന്നു.

നീരയുൾപ്പെടെ വിവിധ നാളികേര മൂല്യ വർദ്ധിത ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ ടെക്നോളജി മിഷൻ പദ്ധതിയിൽപ്പെടുത്തി 50 ശതമാനം സബ്സിഡിയോടെ 1.5 ലക്ഷം രൂപ വീതം 70 കോക്കനട്ട് പോയിന്റുകൾക്ക് പ്രോജക്ട് അപ്രൂവൽ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 1000 ഔട്ട്ലെറ്റുകൾ തുടങ്ങാനാണു നാളികേര ബോർഡ് ലക്ഷ്യമിടുന്നത്.

ഇതിനു പുറമേ കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും മറ്റും നടക്കുന്ന പ്രദർശനങ്ങളിലും മേളകളിലും നാളികേര വികസനബോർഡിനൊപ്പം ഉത്പാദക കമ്പനികൾ പങ്കെടുക്കുന്നുണ്ട്. ഇതുവഴി നീരയുടേയും നീരയധിഷ്ഠിത ഉത്പന്നങ്ങളുടേയും വിപണനം വ്യാപിപ്പിക്കുവാനും ശ്രമിക്കുന്നു. ഇതിനു നല്ല പ്രതികരണമാണ് ലഭിക്കുന്നത്.

## ഉത്പന്ന വൈവിധ്യം

നീരയ്ക്കു പുറമേ നീര ചോക്ലേറ്റ്, നീരഹണി, നീര ഹൽവ, നീര ജാം, നീരവിനാഗിരി തുടങ്ങി വൈവിധ്യമാർന്ന ഉത്പന്നങ്ങൾ വിവിധ കമ്പനികൾ പുറത്തിറക്കുന്നുണ്ട്. കൊല്ലം കൈപ്പുഴ, പാലക്കാട്, തിരുക്കൊച്ചി, കരപ്പുറം, കണ്ണൂർ തേജസ്വിനി, കോഴിക്കോട് കുറ്റ്യാടി കമ്പനികൾ വിവിധ നീര ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ചിട്ടുണ്ട്.

തിരുക്കൊച്ചി കമ്പനി ആദായകരമായി പുറത്തിറക്കുന്ന ഉത്പന്നമാണു നാളികേര വിനാഗിരി. അര ലിറ്റർ ബോട്ടിലിന് 60 രൂപയാണ് വില. ഓണത്തോടനുബന്ധിച്ചു നീര ചേർത്തു പായസമുണ്ടാക്കി വിപണിയിലെത്തിക്കാനുള്ള തയാറെടുപ്പിലാണു തിരുക്കൊച്ചി കമ്പനി.



ക്രിസ്മസിന് കമ്പനി നീര കേക്ക് പുറത്തിറക്കി വൻ വിജയം നേടിയിരുന്നു. തിരുക്കൊച്ചി കമ്പനിയും നാളികേര ബോർഡിന്റെ സിഐടി വാഴക്കുളവും ചേർന്നു സംസ്ക്കരിച്ചു വിപണിയിലിറക്കിയ 200 മില്ലി നീരയ്ക്ക് 35 രൂപയാണു വില. ഇതു നാളികേര വികസന ബോർഡിന്റെ മുൻവശത്തുള്ള സിഡിബി-നാഫെഡ് സ്റ്റാളിൽ ലഭ്യമാണ്.

ആലപ്പുഴ കരപ്പുറം കമ്പനി നീര ചോക്ലേറ്റ്, നീര ഹണി, നീര സിറപ്പ് എന്നിവ വിപണിയിലെത്തിച്ചിട്ടുണ്ട്. കമ്പനി ഉൽപാദിപ്പിക്കുന്ന നീര ചോക്ലേറ്റിന്റെ വില 10 രൂപയാണ്. 300 മില്ലി ലിറ്റർ നീര 50 രൂപയ്ക്കും; അരലിറ്റർ നീര 80 രൂപയ്ക്കും വില്ക്കുന്നു.

കരപ്പുറം കമ്പനിയുടെ 250 മില്ലി ലിറ്റർ നീര ഹണിയ്ക്ക് 100 രൂപയാണ് വില. കൊല്ലം കൈപ്പുഴ കമ്പനിയുടെ ഒരു കിലോ ഹൽവയ്ക്ക് 600 രൂപയാണു വില. വടകര കമ്പനി അഞ്ചു രൂപയുടേയും 10 രൂപയുടേയും നീര ചോക്കളേറ്റ് വിപണിയിലെത്തിക്കുന്നു. പാലക്കാട് കമ്പനിയുടെ നീര ഹണിക്ക് ഒരു ലിറ്ററിന് 750 രൂപയാണു വില. തേജസ്വിനി കമ്പനിയുടെ നീര ഷുഗറിന് കിലോ 1400 രൂപയും നീര ഹണിക്ക് ലിറ്ററിന് 1000 രൂപയുമാണ് വില.

നാളികേര ബോർഡിന്റെ ആലുവ, വാഴക്കുളത്തുള്ള സിഡിബി ഇൻസ്റ്റിറ്റ്യൂട്ട്ഓഫ് ടെക്നോളജിയുടെ സാങ്കേതികവിദ്യ ഉപയോഗിച്ചാണു കമ്പനികളുടെ മധുരപലഹാര നിർമാണം.

വിദേശ വിപണിയിൽ വൻ സാധ്യതയാണു നീര ഷുഗറിനുള്ളത്. കഴിഞ്ഞവർഷം ഇന്തോനേഷ്യ 10 ലക്ഷം ടൺ പാം ഷുഗറാണ് ഉത്പാദിപ്പിച്ചത്.